**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 163 | 17.06.2013-ൽ മറുപടിയ്ക്ക്

## 'ഓപ്പറേഷൻ ബ്ലേഡ്"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ.ജി. സുധാകരൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബ്ലേഡ് - ഭൂമാഫിയകളുടെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ബ്ലേഡ് - ഭൂമാഫിയകളുടെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെട്ടെന്ന് പണം ലഭിയ്ക്കുന്ന മാർഗ്ഗമായത് കൊണ്ടാണ് ജനങ്ങൾ ഇത്തരക്കാരുടെ വലയിൽപ്പെട്ടുപോവുന്നത്. പണമുണ്ടാക്കുവാനുള്ള ജനങ്ങളുടെ അമിതാഗ്രഹവും ഇത്തരത്തിലുള്ള കുറ്റങ്ങൾ ചെയ്യുന്നതിന് അവരെ പ്രേരിപ്പിയ്ക്കുന്നുണ്ട്. ഷെയർമാർക്കറ്റ് കുറഞ്ഞതും ഭൂമിയ്ക്ക് ആവശ്യക്കാർ കൂടിയതും സാധാരണക്കാർക്ക് ബാങ്കുകളിൽ നിന്നും ലോൺ കിട്ടുന്നതിനുള്ള കാലതാമസവും, ഭൂമിയ്ക്ക് അടിക്കടി ഉണ്ടാകുന്ന വില വർദ്ധനയും ഭൂമാഫിയകളുടെ പ്രവർത്തനത്തിന് കാരണമായിട്ടുണ്ട്. |
| (ബി) അനധികൃത പണമിടപാടുകാരും ഭൂമാഫിയകളും ഗുണ്ടകളും തമ്മിലുള്ള അവിശുദ്ധ സഖ്യങ്ങൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നിയന്ത്രിക്കാൻ തയ്യാറാകുമോ? | (ബി) അനധികൃത പണമിടപാടുകാരെയും, ഭൂമാഫിയകളെയും ഗുണ്ടകളെയും നിയന്ത്രിയ്ക്കുന്നതിനായി ഫലപ്രദമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ നമ്പർ 52/09 പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ ഇൻഡ്യൻ |

ശിക്ഷാ നിയമത്തിലെ 420 പോലുള്ള വകുപ്പ് അനുസരിച്ചും sec 3, of the Prize chits and money circulation ( Banning) Act 1978, The Kerala Money Lenders Act 1958 പ്രകാരവും KAP Act പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 'ഓപ്പറേഷൻ ബ്ലേഡ്' ന്റെ ഭാഗമായി മൊത്തം എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി; റെയ്ഡിൽ വെളിപ്പെട്ട വിവരങ്ങളും അനധികൃത പണമിടപാട് കേന്ദ്രങ്ങളിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞ മൊത്തം പണം സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ?

(സി) ബ്ളേഡ് മാഫിയകളുടെ പ്രവർത്തനം ഇല്ലാതാക്കുന്നതിനായി നടത്തിയ 'ഓപ്പറേഷൻ ബ്ലേഡ്' 'ന്റെ ഭാഗമായി 32 റെയിഡുകൾ നടത്തുകയുണ്ടായി. അനധികൃതമായി പണമിടപാട് നടത്തുന്നവർ പണത്തിന് ബുദ്ധിമുട്ടുന്നവരുടെ ആവശ്യത്തെ മുതലെടുത്ത് അവരിൽ നിന്നും രേഖകൾ ഈടായി വാങ്ങികൊണ്ട് അമിത പലിശയ്ക്ക് പണം കടം കൊടുത്ത് അനധികൃതമായി പണം സമ്പാദിക്കുന്നതായി പ്രസ്തുത റെയിഡുകളിൽ നിന്നും വെളിവായിട്ടുണ്ട്. ഇതിന്റെ ഫലമായി അനധികൃതമായിട്ടുള്ള 15,50,750 രൂപയും പ്രോമിസറി നോട്ടുകളും, സ്റ്റാമ്പ് പേപ്പറുകളും, ആർ. സി ബുക്കുകളും, പ്രമാണങ്ങളും, സ്റ്റാമ്പ് ഒട്ടിച്ച വെള്ളപേപ്പറുകളും ഉൾപ്പെടെ 600 ഓളം രേഖകൾ പിടിച്ചെടുത്തിട്ടുണ്ട്. അനധികൃത പണമിടപാട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളാ മണി ലെൻഡേഴ്സ് ആക്ട് പ്രകാരം തിരുവനന്തപുരം സിറ്റിയിൽ 29 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

Mayhly

സെക്ഷൻ ഓഫീസർ